ക്രമ നമ്പർ	പഞ്ചായത്ത്	അംഗന വാടി സെന്റർ നമ്പർ	റിമാർക്ക്സ്
1	ചെറുപുഴ	19, 18	നിർമ്മാണം പൂർത്തിയാകാറായി
2	എരമം-കുറ്റൂർ	104	MLA Fund വകയിരുത്തിയിട്ടുണ്ട്
3	എരമം-കുറ്റൂർ	105, 107	സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് വച്ചിട്ടുണ്ട്
4	എരമം-കുറ്റൂർ	109	അംഗനവാടി കെട്ടിട നിർമ്മാണത്തിന് കിട്ടിയ സ്ഥലം അനുയോജ്യമല്ല
5	കാങ്കോൽ	134	പൂമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിന് കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്

(സി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കാത്ത അംഗനവാടികൾ ഒന്നും തന്നെയില്ല

യാചകപുനരധിവാസം

240 (3080) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ അവരുടെ തൊഴിലിൽനിന്നും മോചിപ്പിക്കുന്നതിനും പുനരധിവാസം ആവശ്യമുള്ളവർക്ക് അതേർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യാചക പുനരധിവാസ കേന്ദ്രങ്ങളിലെ അപര്യാപ്തതകളെക്കുറിച്ചും അന്തേവാസികളുടെ ക്ഷേമം സംബന്ധിച്ചും സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്തുകയോ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇപ്രകാരം പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നല്കി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ മോചിപ്പിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും സ്വീകരിച്ച നടപടികൾ താഴെകൊടുക്കുന്നു:

1. യാചകരെ പുനരധിവസിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്തിന് ഒരു ഏകീകൃത യാചക നിരോധന നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സംസ്ഥാനത്ത് 10-ഓളം യാചക പുനരധിവാസ കേന്ദ്രങ്ങളിലൂടെ 700-ഓളം അന്തേവാസികളെ സംരക്ഷിച്ചുവരുന്നു.

3. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ മെയിന്റനൻസ് ചാർജ്ജ് 250 രൂപയിൽ നിന്ന് പടിപടിയായി വർദ്ധിപ്പിച്ച് ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപയായി നൽകി വരുന്നു.

(ബി) അംഗീകാരമുള്ള യാചക പുനരധിവാസ കേന്ദ്രങ്ങൾ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) യാചക നിരോധന ബിൽ നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ പ്രാധാന്യം നൽകി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

കട്ടനാട്ടിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ

241 (3081) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സ്നേഹപൂർവ്വം പദ്ധതി കട്ടനാട്ടിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) വികസനപ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്